(ബി) ഉണ്ടെങ്കിൽ എവിടെ സ്ഥാപിക്കുവാനാണു ഉദ്ദേശിക്കുന്നത്;

(സി) എറണാകുളത്ത് യൂണിവേഴ്സിറ്റി സ്ഥാപിക്കണമെന്നു വല്ല നിവേദനവും ഗവൺമെൻറിനു ലഭിച്ചിട്ടുണ്ടോ ?

വിദ്യാഭ്യാസമന്ത്രി (ശ്രീ. സി. എച്ച്. മുഹമ്മദ് കോയ): (എ, ബി, സി) കോഴിക്കോട്ടേയും എറണാകുളത്തേയും യൂണിവേഴ്സിറ്റി സെൻറേറുകളെ യൂണിവേഴ്സിറ്റികളായി ഉയർത്തണമെന്ന് 1967-ൽ ഗവൺമെൻറു തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്. ഇതിൻറെ അടിസ്ഥാനത്തിൽ കോഴിക്കോട്ട് സെൻറർ, യൂണിവേഴ്സിറ്റിയായി ഉയർത്തിക്കഴിഞ്ഞു. എറണാകുളം സെൻറർ യൂണിവേഴ്സിറ്റിയായി ഉയർത്തുന്ന കാര്യം ഗവൺമെൻറിൻറെ പരിഗണനയിലാണ്. ഇക്കാര്യത്തിൽ പല നിവേദനങ്ങളും ഗവൺമെൻറിനു കിട്ടിയിട്ടുണ്ട്.

ഹിന്ദി ട്രെയിനിംഗ് കോളേജുകൾ

* 271 [953] ശ്രീ. പി. പി. ജോർജ്ജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നിലവിലുണ്ടായിരുന്ന ഹിന്ദി ട്രെയിനിംഗ് കോളേജുകൾ നിർത്തലാക്കിയതിൻറെ കാരണം എന്താണ് ;

(ബി) ഇതു സംബന്ധമായി എന്തെങ്കിലും പരാതികൾ ഗവൺമെൻറിന് ലഭിച്ചിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ അതിൻമേൽ എന്തു നടപടിയെടുക്കാൻ ഉദ്ദേശിക്കുന്നു.

വിദ്യാഭ്യാസ മന്ത്രി (ശ്രീ. സി. എച്ച്. മുഹമ്മദ് കോയ) : സംസ്ഥാനത്തെ ചില ഹൈസ്കൂളുകളോടനുബന്ധിച്ച് മലയാളം, തമിഴ്, കർണ്ണാടകം, അറബി, ഉറുദു എന്നീ പ്രാദേശികഭാഷകൾ പഠിപ്പിക്കുന്ന അദ്ധ്യാപകരെ ഉദ്ദേശിച്ച് ഭാഷാദ്ധ്യാപക പരിശീലന കേന്ദ്രങ്ങൾ നടത്തിപ്പോരുന്നുണ്ട്. ഭാഷാദ്ധ്യാപകർക്ക് നൽകുന്ന പരിശീലനത്തിൽ നിന്ന് വിഭിന്നമല്ലാത്ത പരിശീലനമാണ് ഹിന്ദി അദ്ധ്യാപകർക്കായി ഹിന്ദി ട്രെയിനിംഗ് കോളേജുകളിൽ നൽകിക്കൊണ്ടിരുന്നത്. ഹിന്ദി ട്രെയിനിംഗ് കോളേജുകൾ ഏതെങ്കിലും സർവ്വകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടില്ല. ഇവിടത്തെ പരീക്ഷകൾ നടത്തുന്ന ചുമതലയും ഗവൺമെൻറു പരീക്ഷാ കൺട്രോളറിൽ നിക്ഷിപ്തമായിരുന്നു. കേന്ദ്ര ഗവൺമെൻറിൻറെ ആഭിമുഖ്യത്തിലുള്ള പദ്ധതി പ്രകാരം ഈ കോളേജുകളെ സംബന്ധിച്ച് മുഴുവൻ ചെലവും അഞ്ചു വർഷക്കാലത്തേക്ക് കേന്ദ്രത്തിൽ നിന്നും വഹിച്ചുകൊള്ളുമെന്നതുകൊണ്ടും ഹിന്ദി അദ്ധ്യാപകരുടെ പരിശീലനത്തിനായി ട്രെയിനിംഗ് കോളേജുകളുടെ മാതൃകയിലും പദവിയിലും ഉള്ള സ്ഥാപനങ്ങൾ തന്നെ നടത്തണമെന്ന് അന്ന് കേന്ദ്രത്തിൽ നിന്നും നിഷ്കർഷിച്ചിരുന്നതിനാലും മാത്രമാണ് ഹിന്ദിക്ക് മാത്രമായി ട്രെയിനിംഗ് കോളേജുകൾ നടത്തിവന്നത്. അഞ്ചു വർഷത്തിനുശേഷം ഈ സ്ഥാപനങ്ങളുടെ മുഴുവൻ ഭാരവും സംസ്ഥാന ഗവൺമെൻറിൻറെ ചുമലിൽ പതിയുമെന്ന പശ്ചാത്തലത്തിൽ ഇതരഭാഷാദ്ധ്യാപകന്മാരെ അപേക്ഷിച്ച് ഹിന്ദി അദ്ധ്യാപകർക്ക് മാത്രമായി ഇപ്രകാരം പ്രത്യേകം പദവിയും ഭാരിച്ച പ്രവർത്തനച്ചെലവും ഉള്ള കോളേജുകൾ തുടർന്ന് നടത്തുന്നത് ആശാസ്യമല്ലെന്ന് ഗവൺമെൻറ് കരുതി. ഇക്കാരണത്താൽ കേന്ദ്രഗവൺമെൻറിൻറെ

LIBRARY ARCHIVES Kerala Legislative Assembly

മുൻകൂട്ടിയുള്ള അംഗീകാരത്തോടുകൂടി ഹിന്ദി ട്രെയിനിംഗ് കോളേജുകൾ എന്ന പേരിൽ നടത്തിവന്ന പ്രസ്തുത സ്ഥാപനങ്ങൾ നിർത്തലാക്കുവാനും തൽസ്ഥാനത്ത് ഹിന്ദി ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകൾ തുറന്ന് പ്രവർത്തിക്കുവാനും തീരുമാനിക്കുകയുണ്ടായി. പാഠ്യപദ്ധതിയിലോ പരിശീലനത്തിന്റെ നിലവാരത്തിലോ യാതൊരു കോട്ടവും വരുത്താതെയും എന്നാൽ സ്റ്റാഫ് ഘടനയിൽ മാറ്റം വരുത്തിക്കൊണ്ടും അങ്ങനെ ഭാരിച്ച ആവർത്തനച്ചെലവ് ചുരുക്കിക്കൊണ്ടും ഹിന്ദി അദ്ധ്യാപകർക്കായി പേരുകൊണ്ട് മാത്രം വ്യത്യസ്തമായ പരിശീലന കേന്ദ്രങ്ങളായി ഈ കോളേജുകളെ രൂപാന്തരപ്പെടുത്തുകമാത്രമാണ് ഗവൺമെന്റ് ചെയ്തിട്ടുള്ളത്. ഇതര ഭാഷാദ്ധ്യാപകർക്ക് നൽകിവരുന്ന പരിശീലനത്തിന് തുല്യമായ രീതിയിലുള്ള പരിശീലനം ഹിന്ദി അദ്ധ്യാപകർക്കും നൽകുന്നതിനുള്ള സംരംഭത്തിന്റെ ഭാഗമായിട്ടു കൂടിയാണ് ഈ നടപടി കൈക്കൊണ്ടിട്ടുള്ളത്.

(ബി) ഉണ്ട്.

(സി) എയ്ക്കു നൽകിയ ഉത്തരത്തിന്റെ അടിസ്ഥാനത്തിൽ മേൽ നടപടികളൊന്നും എടുക്കേണ്ട ആവശ്യമില്ലെന്ന് ഗവൺമെന്റു കരുതുന്നു.

[9 a.m.]

ശ്രീ. കെ. കരുണാകരൻ : സർ, ഒരു സബ്മിഷൻ. സാധാരണ ഈ സഭയിലെ നടപടിക്രമം മുൻപുണ്ടായിരുന്നത് ചോദ്യകർത്താവ് ചോദ്യം ചോദിച്ചുകഴിഞ്ഞാൽ ആവശ്യമായ മറ്റു സപ്ളിമെന്ററികളും ചോദിക്കാൻ അനുവദിക്കുകയും അതു കഴിഞ്ഞതിനുശേഷം സപ്ളിമെന്ററി ചോദിക്കാൻ മറ്റുള്ളവരെ അനുവദിക്കുകയുമാണ്. ഇപ്പോഴത്തെ അതിനു വിപരീതമായി നടക്കുന്നതുകൊണ്ട് ഞങ്ങൾക്ക് മന്ത്രിമാരിൽനിന്നും ആവശ്യമായ വിവരങ്ങൾ ശേഖരിക്കുന്നതിനു സാധിക്കുന്നില്ല. ഇന്നുതന്നെ ഷോപ്പുകളുടെ ചോദ്യം വന്നു. ഒരുദിവസം ഒരു രൂപയ്ക്ക് ഷോപ്പു ലേലം ചെയ്തു കൊടുത്തിട്ടുള്ള സംഭവങ്ങൾവരെയുണ്ട്. അതെല്ലാം ചോദിച്ചു മനസ്സിലാക്കാൻ സന്ദർഭം ലഭിക്കാതെ വരുന്നു. അതുകൊണ്ട് ചോദ്യോത്തരസംബന്ധമായ കാര്യങ്ങളിൽ ആവശ്യമായ ഭേദഗതി വരുത്തണമെന്ന് ഞാൻ അങ്ങയോടപേക്ഷിക്കുകയാണ്.

ഡെപ്യൂട്ടി സ്പീക്കർ : ശ്രീ. കരുണാകരൻ പറഞ്ഞതു മുഴുവനും ശരിയല്ല. ശ്രീ. കരുണാകരനെത്തന്നെ മൂന്നു ഉപചോദ്യങ്ങൾ ചോദിക്കാൻ അനുവദിച്ചിട്ടുണ്ട്. ആവശ്യമാണെന്നു കണ്ടാൽ കൂടുതൽ അനുവദിക്കാറുണ്ട്. എല്ലാപേർക്കും ഒരുപോലെ അനുവദിക്കുകയെന്നുള്ളത് പ്രയാസമാണ്. ഇതെല്ലാം ചെയറിന്റെ ഡിസ്ക്രീഷൻ അനുസരിച്ചുമാത്രമേ ചെയ്യാൻ കഴിയൂ. പിന്നെ പുതുതായി എന്തെങ്കിലും നിർദ്ദേശം അംഗീകരിക്കാവുന്നതുണ്ടെങ്കിൽ അതു മുന്നോട്ടുവച്ചാൽ അംഗീകരിക്കാൻ ശ്രമിക്കാം.

ശ്രീ. എസ്. ദാമോദരൻ : സർ, ഇന്നത്തെ 931-ാം നമ്പർ ചോദ്യത്തിന് ഒരുപചോദ്യം ചോദിക്കാൻ ഞാൻ വളരെപ്രാവശ്യം എഴുന്നേറ്റിട്ടും ചാൻസ് കിട്ടിയില്ല. എന്നാൽ ചില മെമ്പറൻമാർക്ക് കണക്കിൽകവിഞ്ഞ അവസരം കൊടുത്തിട്ടുണ്ട്.

ഡെപ്യൂട്ടി സ്പീക്കർ : ഓർഡർ, ഓർഡർ. ഇങ്ങനെ പറയുന്നതു ഞാൻ അനുവദിക്കുകയില്ല. എന്റെ ഡിസ്ക്രീഷൻ അനുസരിച്ചു ന്യായമായി ചെയ്യാൻ ഞാൻ ശ്രമിക്കുന്നുണ്ട്. ആർക്കെങ്കിലും അവസരം കിട്ടാതെ വന്നാൽ സഹിക്കുകയേ നിവൃത്തിയുള്ളു. അല്ലാതെ മാർഗ്ഗമില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. എ. ശിവരാമഭാരതി : സർ, ഒരു സബ്മിഷൻ. കഴിഞ്ഞ ദിവസം ഞാൻ ഒരു അടിയന്തിര പ്രമേയത്തിനു നോട്ടീസ് കൊടുത്തിരുന്നു. മുനിസിപ്പൽ കോർപ്പറേഷൻ ജീവനക്കാരുടെ കാര്യത്തെ സംബന്ധിച്ചുള്ള അടിയന്തിരപ്രമേയത്തിനാണു ഞാൻ നോട്ടീസ് കൊടുത്തിരുന്നത്. ബഹുമാനപ്പെട്ട സ്പീക്കർ അത് അനുവദിച്ചില്ല. ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത് വിശേഷമായി ഒന്നും ഉണ്ടായിട്ടില്ലെന്നാണ്. അതുകൊണ്ട് അതിനെപ്പറ്റി ചർച്ച ചെയ്യേണ്ട ആവശ്യമില്ലെന്നാണു പറഞ്ഞിട്ടുള്ളത്.

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : സർ, ഒരു അടിയന്തിര പ്രമേയത്തിനു അനുമതി നൽകാതിരുന്നതിനെപ്പറ്റി.....

ഡെപ്യൂട്ടി സ്പീക്കർ : ഓർഡർ, ഓർഡർ. അഡ്ജേൺമെൻറു മോഷൻ എടുക്കാത്തതിനെപ്പറ്റി പിന്നെ ചോദ്യം ചെയ്യാൻ പാടില്ല. അതിനു വേറെ മാർഗ്ഗങ്ങം ഉണ്ട്.

II. ADJOURNMENT MOTIONS

(i) UNEMPLOYMENT AMONG THE COIR WORKERS IN CHIRAYINKIL

ഡെപ്യൂട്ടി സ്പീക്കർ : ചിറയിൻകീഴ് താലൂക്കിലെ മൂവായിരത്തിൽപരം കയർപിരി തൊഴിലാളികളുടെയിടയിൽ പെട്ടന്നുണ്ടായിരിക്കുന്ന വമ്പിച്ച തൊഴിലില്ലായ്മമൂലം സംജാതമായിരിക്കുന്ന ഗുരുതരാവസ്ഥ ചർച്ച ചെയ്യുന്നതിനു ശ്രീ. വി. ശ്രീധർ അടിയന്തിര പ്രമേയത്തിനു നോട്ടീസ് നൽകിയിട്ടുണ്ട്. ഇതിനെ സംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രിക്ക് പറയാനുള്ളതു പറയാം.

റവന്യൂമന്ത്രി (ശ്രീമതി കെ. ആർ. ഗൗരി) : എനിക്ക് ഇപ്പോഴം അതിനെപ്പറ്റി ഒന്നും പറയാൻ നിവൃത്തിയില്ല. നാളെ പറയാം.

ശ്രീ. ബി. മാധവൻ നായർ : സർ, ഇതു ചിറയിൻകീഴ് താലൂക്കിലെ മാത്രം പ്രശ്നമല്ല. തിരുവനന്തപുരത്തും ഈ പ്രശ്നമുണ്ട്.

(ii) ATTACK ON THE HARIJANS IN NEDUPUZHA BY THE MARXIST COMMUNIST PARTY WORKERS

ഡെപ്യൂട്ടി സ്പീക്കർ : ഓർഡർ, ഓർഡർ. നെടുപുഴ പ്രദേശത്ത് ഒരു പോലീസ് പാർട്ടി മാർക്സിസ്റ്റു പാർട്ടി പ്രവർത്തകരുടെ സഹായത്തോടുകൂടി ഹരിജനങ്ങളുടെ വീടുകളിൽ കയറി സ്ത്രീകളെ ഭയപ്പെടുത്തുന്നതുമൂലം ആ പ്രദേശത്തുള്ളവായിരിക്കുന്ന അരക്ഷിതാവസ്ഥ ചർച്ച ചെയ്യുന്നതിന് ശ്രീ. കെ. കരുണാകരൻ അടിയന്തിര പ്രമേയത്തിന് നോട്ടീസ് നൽകിയിട്ടുണ്ട്.

ശ്രീമതി കെ. ആർ. ഗൗരി : ഇതിനെ സംബന്ധിച്ചുള്ള നോട്ടീസ് എനിക്കു കിട്ടിയില്ല. അതുകൊണ്ട് ഇതിനെ സംബന്ധിച്ചു മറുപടി ഇന്നു പറയാൻ നിവൃത്തിയില്ല.

LIBRARY ARCHIVES Kerala Legislative Assembly